(എ) കൊല്ലം, ഡിവിഷനിലെ ഏഴുകോൺ സെക്ഷനിൽ 1986 ജൂൺ മുതൽ നാളിതുവരെ ടെണ്ടർ ചെയ്തതും വകുപ്പിന്റെതലത്തിൽ അറ്റകുറ്റപ്പണി ചെയ്തതുമായ പി.ഡബ്ല്യു.ഡി. വർക്കുകൾ ഏതൊക്കെയാണെന്നും അവയുടെ എസ്റ്റിമേറ്റ് തുക, ടെണ്ടർ ഉറപ്പിച്ചതുക, എസ്റ്റിമേറ്റ് വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടെങ്കിൽ അവ എത്ര, ഓരോ റോഡിന്റെയും പേര്, പ്രവർത്തിയുടെ ഇനം, എന്നിവ വെളിപ്പെടുത്തുമോ ;

(ബി) ഈ വർക്കുകളിൽ നിശ്ചിതകാലയളവിനുള്ളിൽ പണി പൂർത്തീകരിക്കാതെ കിടക്കുന്നവ ഉണ്ടോ ; എങ്കിൽ അവയുടെ വിശദ വിവരവും നിലവിലുള്ള സ്ഥിതിയും വിശദമാക്കുമോ ;

(സി) ഏഴുകോൺ സെക്ഷനിൽ അറ്റകുറ്റപ്പണി ചെയ്ത പ്രവൃത്തികൾ കഴിവതും വേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഉത്തരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) നടപടികൾ സ്വീകരിച്ചു വരുന്നു.

പേരൂർച്ചാൽ പാലത്തിന്റെ പണി

129 (726) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ആറന്മുള നിയോജക മണ്ഡലത്തിൽ പമ്പാനദിയിൽ നിർമ്മിക്കുന്ന 'പേരൂർച്ചാൽ' പാലത്തിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത പാലത്തിന്റെ പണി അടിയന്തിരമായി പൂർത്തിയാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 'പേരൂർച്ചാൽ' പാലത്തിന്റെ ഇനിയും ബാക്കിയുള്ള പണികൾക്ക് ടെണ്ടർ വിളിച്ച് കരാർ നൽകിയിട്ടുണ്ട്.

(ബി) ബഹു: കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ഒ.പി. 30343/2000 മുഖാന്തിരം റീ അറേഞ്ച്മെന്റ് സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ നീക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മനയ്ക്കൽ ചിറഭാഗത്തെ അപ്രോച്ച് റോഡ് മുറിച്ച് ജലനിർഗമനം നടത്താൻ നടപടി

130 (729) ശ്രീ. കെ.സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചങ്ങനാശ്ശേരി, ആലപ്പുഴ റോഡിലെ മനയ്ക്കൽ ചിറഭാഗത്തെ ഒന്നാം പാലത്തിന്റെ പണി പൂർത്തിയായിട്ടും പാലം പണിക്ക് വേണ്ടി തോട് മൂടിട്ട് നിർമ്മിച്ച അപ്രോച്ച് റോഡ് മുറിച്ച് ജലനിർഗ്ഗമനത്തിന് സൗകര്യം ഉണ്ടാക്കാത്തതിന്റെ കാരണം എന്താണ് ;

---

†അനുബന്ധം -XII

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജല നിർഗമന സാദ്ധ്യതകൾ അടഞ്ഞു കിടക്കുന്നതിനാലുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ കണക്കിലെടുത്ത് മുട്ട് തുറന്നുകൊടുക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) ഈ അപ്രോച്ച് റോഡിൽ ഇട്ടിരിക്കുന്ന ടെലിഫോൺ കേബിൾ, വാട്ടർ സപ്ലൈ പൈപ്പ് എന്നിവ മാറ്റുന്നതിനുള്ള കാലതാമസമാണ് മുട്ടു നീക്കം ചെയ്യുന്നതിനുള്ള പണി തടസ്സപ്പെടുത്തിയത്. എന്നാൽ ഇപ്പോൾ ഭാഗികമായി ഈ മുട്ടുകൾ നീക്കം ചെയ്തിട്ടുണ്ട്. ബാക്കി പണികൾ ഉടനെ ചെയ്യുന്നതാണ്.

അച്ചൻകോവിൽ നദിയിൽ നിർമ്മിക്കുന്ന 'അമ്പലക്കടവ്' പാലത്തിന്റെ പണി

131 (734) ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽ അച്ചൽകോവിൽ നദിയിൽ നിർമ്മിക്കുന്ന 'അമ്പലക്കടവ്' പാലത്തിന്റെ പണി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പാലത്തിന്റെ പണി 2001 മാർച്ചിൽ തന്നെ പൂർത്തിയാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഒരു അബഡ്മെന്റിന്റേയും രണ്ടു പിയറിന്റേയും ഒരു സ്ലാബിന്റേയും പണി പൂർത്തികരിച്ചു. അടുത്ത അബഡ്മെന്റിന്റെ പണി പുരോഗതിയിലാണ്. 60% പണി പൂർത്തികരിച്ചു.

(ബി) 2001 മാർച്ച് 31-നകം പണി പൂർത്തികരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കുമ്മിപ്പള്ളി-കെൽട്രോൺ റോഡിന്റെ പണി

132 (735) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നെടുമങ്ങാട് നിയോജകമണ്ഡലത്തിൽ കുമ്മിപ്പള്ളി-കെൽട്രോൺ റോഡിന് എന്നാണ് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകിയത് ;

(ബി) എന്തു തുകയ്ക്കുള്ള സാങ്കേതികാനുമതിയാണ് നൽകിയിട്ടുള്ളത് ;

(സി) ഈ തുക വർദ്ധിപ്പിച്ച് ഭരണാനുമതിയും പ്രത്യേകാനുമതിയും നൽകണമെന്നാവശ്യപ്പെട്ട് ചീഫ് എഞ്ചിനീയർ സർക്കാരിന് എന്തെങ്കിലും പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് സമർപ്പിച്ചത് ; എന്തു തുകയ്ക്കുള്ള പ്രൊപ്പോസലാണ് സമർപ്പിച്ചത് ;

LIBRARY ARCHIVES Kerala Legislative Assembly